**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1936** **12-09-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ മിഷൻ നൽകിവരുന്ന ചികിത്സാ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വാഴൂർ സോമൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപ്പാക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. മിഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗവേണിംഗ് ബോഡി, വകുപ്പ് തലങ്ങളിൽ വിലയിരുത്തുകയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി വരികയും ചെയ്യുന്നു.<br><br>മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ ജനവിഭാഗങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി മുതിർന്ന പൗരന്മാർക്ക് ഡിമെൻഷ്യ-അൽഷിമേഴ്സ് മെമ്മറി ക്ലിനിക് ഈ സാമ്പത്തിക വർഷം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത മിഷൻ മുഖേന ഏതൊക്കെ രോഗങ്ങളുടെ ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കുമാണ് നിലവിൽ ധനസഹായം നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സാമൂഹ്യ സുരക്ഷാ മിഷൻ വി കെയർ പദ്ധതിയനുസരിച്ചുള്ള ധനസഹായം ജീവൻ രക്ഷാ ചികിത്സകൾക്കും ജീവൻ രക്ഷാ ശസ്ത്രക്രിയകൾക്കും അതിനോടനുബന്ധിച്ചുള്ള ആശുപത്രിയിലെ കിടത്തി ചികിത്സകൾക്കുമാണ് നൽകി വരുന്നത് |
| (സി) | അപൂർവ്വ രോഗങ്ങൾ ബാധിച്ച കുട്ടികളുടെ ചികിത്സയ്ക്കും വിലയേറിയ മരുന്നുകൾ വർഷങ്ങളായി കഴിക്കേണ്ടി വരുന്ന അസുഖങ്ങൾ ബാധിച്ചവർക്കും തടസ്സരഹിതമായി മരുന്നുകൾ വാങ്ങുന്നതിന് ധനസഹായം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ; | (സി) | വിവരം ശേഖരിച്ച് വരുന്നു. |
| (ഡി) | സംസ്ഥാനത്തെ നിർദ്ധനരായ രോഗികൾക്കുള്ള ജീവൻരക്ഷാ ശസ്ത്രക്രിയകൾക്ക് ധനസഹായം അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | വി-കെയർ പദ്ധതിയിൽ ലഭിക്കുന്ന ജീവൻ രക്ഷാ ചികിത്സകൾക്കും ജീവൻ രക്ഷാ ശസ്ത്രക്രിയകൾക്കും സഹായം ആവശ്യപ്പെട്ടുള്ള അപേക്ഷകളിൽ രണ്ട് ലക്ഷം രൂപയ്ക്ക് പുറത്ത് ചികിത്സാ ചെലവ് വരുന്നവ മെഡിക്കൽ കമ്മിറ്റിയുടെ ശുപാർശയോടു കൂടിയും മറ്റ് അപേക്ഷകൾ മെഡിക്കൽ കമ്മിറ്റിയുടെ ശുപാർശ ഇല്ലാതെയും; വി-കെയർ പദ്ധതിയുടെ എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| | | | കമ്മിറ്റിയുടെയും ഗവേണിംഗ് ബോഡിയുടെയും തീരുമാനത്തിന് വിധേയമായാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നത്. എന്നാൽ അടിയന്തിര സാഹചര്യങ്ങളിൽ അപേക്ഷയുടെ സ്വഭാവമനുസരിച്ച് ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തിന് വിധേയമായി എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർപേഴ്സന്റെയും ഗവേണിംഗ് ബോഡി ചെയർപേഴ്സന്റെയും അംഗീകാരത്തോടുകൂടി ചികിത്സാ സഹായം അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ